# പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 602 29.06.2011-ൽ മറുപടിക്ക്

## പെരളശ്ശേരി ശുദ്ധജല പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.കെ. നാരായണൻ | | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പെരളശ്ശേരി ശുദ്ധജല പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ; | (എ) | 1996-ൽ എൽ.ഐ.സി.യുടെ ധനസഹായ-ത്തോടെ ആരംഭിക്കുകയും പിന്നീട് മുടങ്ങിക്കിടന്ന ഈ പദ്ധതി 2009-ൽ നബാർഡിന്റെ ധനസഹായത്തോടെ സ്പാൻ -ൽ ഉൾപ്പെടുത്തി പുന:രാരംഭിച്ചു. പദ്ധതിയുടെ പ്രവൃത്തികൾ മിക്കവയും പൂർത്തിയായി. പദ്ധതിയുടെ ട്രയൽ റൺ നടന്നു വരികയാണ്. കഴിഞ്ഞ ഏപ്രിൽ, മേയ് മാസങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ ട്രയൽ റൺ കഴിഞ്ഞ പ്രദേശത്ത് പൊതു ടാപ്പുകൾ വഴി ജല വിതരണം നടത്തി വരുന്നു. 10 പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന 12 ടാങ്കുകളിലും വെള്ളം എത്തിച്ചിട്ടുണ്ട്. ഇപ്പോൾ വിതരണ ശൃംഖലയുടെ ഏകദേശം 70 % ട്രയൽ റൺ പൂർത്തിയായിട്ടുണ്ട്. മുൻപ് സ്ഥാപിച്ച ജലവിതരണകുഴലുകൾ പലതും ഇതിനകം ടാർ റോഡിനടിയിൽ ആയതാണ് ട്രയൽ റൺ നടത്താൻ തടസ്സം നേരിടുന്നത്. |
| (ബി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീക-രിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാ-ക്കാമോ ? | (ബി) | ഈ പദ്ധതി 2011 ആഗസ്റ്റ് മാസത്തോടു കൂടി പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ